IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി ചെയർമാനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെ. സ്പീക്കർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2004-ലെ കേരള ആത്മഹത്യാ നിർമ്മാർജ്ജന സംയോജിത പദ്ധതി പ്രാവർത്തികമാക്കൽ ബിൽ

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, 2004-ലെ കേരള ആത്മഹത്യാ നിർമ്മാർജ്ജന സംയോജിത പദ്ധതി പ്രാവർത്തികമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ ബില്ലിന്റെ തത്വത്തോട് വിയോജിപ്പില്ല, പക്ഷേ ഗവൺമെന്റ് ഇത് oppose ചെയ്യുകയാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഇത്തരമൊരു ബിൽ ഞാൻ അവതരിപ്പിക്കാനുണ്ടായ സാഹചര്യം പറയാം. ഇന്ത്യാ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം അഭിമാനകരമായ രണ്ടു കാര്യങ്ങളിൽ മുൻപന്തിയിലാണ്. ഒന്ന് ആരോഗ്യ പരിപാലനരംഗത്തും മറ്റൊന്ന് പ്രാഥമിക വിദ്യാഭ്യാസരംഗത്തും. പക്ഷേ അതുപോലെ നമുക്ക് വേദനാജനകമായ രണ്ടു കാര്യങ്ങളിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണ്. അതിലൊന്ന് ഇന്ത്യയിൽ എറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന സംസ്ഥാനം കേരളമാണ് എന്നതാണ്. രണ്ടാമത്തേത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ആൽക്കഹോൾ കൺസംപ്ഷൻ നടക്കുന്നതും കേരളത്തിലാണ്. അത്തരമൊരു സാഹചര്യമാണ് ഇത്തരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ നിരാകരിക്കുന്നതായി സൂചിപ്പിക്കുകയുണ്ടായി. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, കേരളത്തിലെ ദുർമരണപ്പെട്ട ആയിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട മനുഷ്യരുടെ ആത്മാക്കൾപോലും ഈ നിരാകരണം പൊറുക്കില്ല എന്നാണ്. ഇത്തരം ബില്ലുകൾ ആരാലും എതിർക്കപ്പെടാതെ, സ്വീകരിക്കേണ്ടതാണ് എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഞാൻ ആ ബില്ലിന്റെ ഉദ്ദേശ കാരണങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുകയാണ്. As early as in 1774, the year in which Robert Clive killed himself, the royal human society was formed with one of its objectives to prevent suicide. In the next 25 years it succeeded in reducing 350 – 500 attempted suicide known to it, a fact which may help to account for the whole in rates of suicide after 1780. ഇങ്ങനെ 1774-ൽ ഒരു royal human society രൂപീകരിച്ചതിനുശേഷം 1780 ആയപ്പോഴേയ്ക്കും ഏതാണ്ട് 6 വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ രംഗത്താകമാനം ഒരു കുറവുണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് കേരളത്തെ സംബന്ധിച്ച് നമുക്ക് മാതൃകയാക്കിയെടുക്കാവുന്നതാണ്. നമ്മുടെ നിയമസഭാ ലൈബ്രറിയിലുള്ള പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ് ഞാനിവിടെ ഉദ്ധരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ, കേരളം ഇത്രയേറെ ആത്മഹത്യയുള്ള സംസ്ഥാനമായി നിലനിൽക്കപ്പെട്ട സാഹചര്യത്തിൽ, ഇതൊന്ന് കുറച്ചുകൊണ്ടുവരാനാവശ്യമായ ഒരു അതോറിറ്റി രൂപീകരിക്കാൻ വേണ്ടിയാണ് ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്. ഈ ബിൽ അവതരിപ്പിച്ച് ആത്മഹത്യ നിയമപരമാക്കി അത് കുറയ്ക്കാൻ വേണ്ടിയല്ല. മറിച്ച് അത്തരം വലിയൊരു വ്യതിയാനം, ഞാൻ ഈ ബില്ലിലൂടെ വിഭാവനം ചെയ്യുന്ന അതോറിറ്റി രൂപീകരിച്ചാൽ തീർച്ചയായും കേരളത്തിൽ ആത്മഹത്യാ നിരക്കിൽ മാറ്റം വരുത്താൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്. നമ്മുടെ ദേശീയ ശരാശരിയേക്കാൾ മുന്നിരട്ടിയാണ് കേരളത്തിലെ ആത്മഹത്യയുടെ നിരക്ക്. കേരളത്തിൽ, നമുക്കറിയാം മൂന്നു കോടിയിൽപ്പരം ജനങ്ങളുള്ള ഈ കൊച്ചുസംസ്ഥാനത്ത്, പ്രതിവർഷം 9,000-ത്തിലധികം ആളുകൾക്കാണ് ദുർമരണമുണ്ടാകുന്നത്. അത് ഏറ്റവും വലിയ ദു:ഖകരമായ കാര്യമാണ്. ഈ രംഗത്തേയ്ക്ക് തീർച്ചയായും എല്ലാവരുടേയും കണ്ണ് തുറപ്പിക്കേണ്ടതായ ഒരു കാര്യമുണ്ട്. ഒരു വാസ്തവം ഇവിടെ സൂചിപ്പിക്കാനുള്ളത് വിശ്വവിഖ്യാത സാമൂഹ്യ ശാസ്ത്രജ്ഞനായ സാൻഫ്രോഡ് ലാവോലിസയുടെ "Variations in Suicide Rates" എന്ന പഠനത്തിൽ വ്യക്തമായി അദ്ദേഹം ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അത് ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. "It is not unusual to find that one division of a nation's population has a suicide rate as much as twenty times than of another division and some international differences are equally great. Moreover some nations have had a stable rate for decades or even centuries while in others the rate has changed substantially in less than a decade." അതുകൊണ്ട് നമ്മെ സംബന്ധിച്ച് ഇത്തരമൊരു പഠനം, ഇത്തരമൊരു അതോറിറ്റി രൂപീകരിച്ചാൽ നമുക്ക് ചുരുങ്ങിയ നാളുകൾകൊണ്ട് ആത്മഹത്യാ റേറ്റ് താഴേയ്ക്ക് കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ ഈ ബില്ലിലൂടെ വിഭാവനം ചെയ്യുന്നത് ആത്മഹത്യ നിർമ്മാർജ്ജന സംയോജിത പദ്ധതി പ്രാവർത്തികമാക്കൽ അതോറിറ്റി രൂപീകരിക്കണമെന്നാണ്. ആ അതോറിറ്റി രൂപീകരിച്ചാൽ അതിന്റെ വ്യവസ്ഥകൾ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു. അതോറിറ്റിക്ക് ചെയർമാൻ, വൈസ് ചെയർമാൻ,

LIBRARY ARCHIVES Kerala Legislative Assembly

5 നിയമസഭാ സാമാജികന്മാർ, സർക്കാർ നിർദ്ദേശിക്കുന്ന ഒരു പാർലമെന്റ് അംഗം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജില്ലാ പഞ്ചായത്ത് അംഗം എന്നിവർ വേണം. അങ്ങനെ വിവിധ മേഖലകളിലെ പ്രാതിനിധ്യം, സർക്കാരിന്റെ ആരോഗ്യ വകുപ്പു സെക്രട്ടറി, സാമൂഹ്യ ക്ഷേമവകുപ്പു സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി, ആഭ്യന്തര വകുപ്പു സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഇന്ത്യൻ സമ്പ്രദായ ചികിത്സാ വികസനത്തിന്റെ ഡയറക്ടർ, ജനറൽ കൗൺസിലിലേയ്ക്ക് മനഃശാസ്ത്ര വിദഗ്ദ്ധന്മാർ, വിദേശമേഖലകളിൽ സേവനമനുഷ്ഠിക്കുന്ന ആളുകൾ ഉൾപ്പെടുന്ന ഒരു അതോറിറ്റി രൂപീകരിച്ച് വളരെ കാര്യക്ഷമമായി ഇതിനാവശ്യമായ പണം ഗവൺമെന്റ് നൽകി പ്രവർത്തിച്ചാൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന ആത്മഹത്യയ്ക്ക് കുറവുവരുത്താൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. സാജുപോൾ: സർ, കേരളത്തിന്റെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്നത്തിൽ നിയമനിർമ്മാണം നടത്തേണ്ട ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ സ്റ്റീഫൻ ജോർജ് വളരെ ആത്മാർത്ഥതയോടുകൂടി ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കുകയാണ്. ലോകത്തിലെ ഏറ്റവും വിഖ്യാതനായ മനഃശാസ്ത്രജ്ഞനായിരുന്നു അമേരിക്കക്കാരനായ ഡെൽഗാർഡിൻ. `How to stop worrying and start living?', 'Gain friends and influence people', `Public speaking', `Marriage Dictionary' തുടങ്ങിയ ഗ്രന്ഥങ്ങളെഴുതിയ ആ വിഖ്യാത മനഃശാസ്ത്രജ്ഞൻ അവസാനം ആത്മഹത്യ ചെയ്യുകയായിരുന്നു എന്ന വിവരവും അതുപോലെതന്നെ ഈ വ്യക്തികളുടെ ആത്മഹത്യകൾക്കൊപ്പം രാഷ്ട്രീയ ആത്മഹത്യകൾക്കെതിരായ ഒരു നിയമം ആവശ്യമാണെന്നുള്ള കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സ്റ്റീഫൻ ജോർജ്: അദ്ദേഹത്തിന്റെ മരണമുൾപ്പെടെയുള്ള ആത്മഹത്യകൾ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് നമ്മളിത് ആലോചിക്കുകയും അതിനുള്ള അതോറിറ്റി രൂപീകരിക്കുകയും ചെയ്യുന്നത്. രാഷ്ട്രീയ ആത്മഹത്യയെക്കുറിച്ച്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതിനൊരു നിയമം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു കാര്യം ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ആത്മഹത്യ ചെയ്യാനുദ്ദേശിക്കുന്ന ആളുകളെ കൗൺസിലിംഗിന് വിധേയമാക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. എന്നുപറഞ്ഞാൽ ഇനി കേരളത്തിൽ ആരെങ്കിലും ആത്മഹത്യ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ താലൂക്ക് ഓഫീസിൽ പോയി ആദ്യം പേര് രജിസ്റ്റർ ചെയ്യണം. എന്നിട്ട് അവരെ കൗൺസിലിംഗിന് വിധേയമാക്കാനുള്ള ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കിയത് അങ്ങേയ്ക്ക് അറിയാമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഉപദേശപ്രകാരമാണ് അത് എഴുതി വച്ചത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആത്മഹത്യക്ക് താലൂക്ക് ഓഫീസിൽ പോകണമെന്ന് ഏതായാലും ഒരു ഗവൺമെന്റ് പറയാൻ സാധ്യതയില്ല. ആത്മഹത്യ ഒരു മാനസിക പ്രശ്നമാണ്. അതുമാത്രമല്ല, at the point of time ആണ്. ആത്മഹത്യ ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുത്ത ഒരാൾ ആത്മഹത്യയ്ക്കുള്ള ശ്രമം നടത്തുമ്പോൾ ആ ശ്രമത്തിൽ നിന്നും ആ ആളിനെ മാറ്റാൻ കഴിഞ്ഞാൽ തീർച്ചയായും ഒരുപക്ഷേ ആ ദുരന്തം ഒഴിവാക്കാൻ പറ്റിയെന്നുതന്നെവരാം. അപ്പോൾ ഒരു മാനസിക പ്രശ്നമായതുകൊണ്ട് അതിനൊരു കൗൺസിലിംഗ് ഉണ്ടെങ്കിൽ ആത്മഹത്യയുടെ പ്രവണത കുറയ്ക്കാൻ കഴിയുമെന്നുള്ള രൂപത്തിൽ സത്ബുദ്ധിയോടുകൂടി ഗവൺമെന്റ് ചെയ്തതാണ്. ശുദ്ധമായ പാൽ കിട്ടുന്ന അകിടിന്റെ ചുവട്ടിലും ചോരയാണ് കൗതുകം എന്നുള്ള നില ശ്രീ. കോടിയേരി ബാലകൃഷ്ണൻ എടുക്കില്ല എന്ന് എനിക്കറിയാം. പക്ഷേ എങ്കിൽപ്പോലും ഇപ്പോൾ വന്നിരിക്കുന്നത് അതുപോലുള്ള സമീപനമാണ്. നമുക്ക് അങ്ങനെ കൗൺസലിംഗിലേയ്ക്കുപോയി ആരെയെങ്കിലും രക്ഷിക്കാൻ കഴിയുമെങ്കിൽ അതിലേയ്ക്ക് കൊണ്ടുപോകണം. മാത്രമല്ല, ഇതിന് ക്രൈസിസ് എന്നുപറയുന്ന ഒരു ഉപദേശകസമിതി, ഒരു പദ്ധതിയുണ്ടാക്കിയിട്ടുണ്ട്. അത് 2003-ലാണ് തുടങ്ങിയത്. അത് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഉദ്ഘാടനം ചെയ്ത ഒരു പദ്ധതിയാണ്. അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ നമ്മൾ എടുക്കുന്നുണ്ട്. അതിന്റേയും കൂടി ഭാഗമായിട്ടാണ് കൗൺസലിംഗ് വേണമെന്ന് തീരുമാനമെടുത്തത്.

ശ്രീ. ടി. കെ. ബാലൻ: സർ, ആത്മഹത്യാ പ്രവണത ഇല്ലാതാക്കാൻ വേണ്ടിയാണല്ലോ ഈ ബിൽ. കഴിഞ്ഞ നാലു വർഷക്കാലത്തെ നമ്മുടെ സ്വന്തം അനുഭവം നോക്കുകയാണെങ്കിൽ ഈ സഭയിൽ തന്നെ പലർക്കും അധികാരവും പദവിയുമെല്ലാം നഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണ്. അതുകൊണ്ട് വി. ഐ. പി. മാരായിട്ടുള്ള ആർക്കെങ്കിലും ഇങ്ങനെയെന്തെങ്കിലും പ്രവണതയുണ്ടെങ്കിൽ അവർക്കൊരു പ്രത്യേക കൗൺസലിംഗ് നടത്തുന്നതിനെപ്പറ്റി അങ്ങ് ഒന്ന് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെ വി.ഐ.പി.കളായിട്ടുള്ള ആളുകളുടെ ആത്മഹത്യ ഒഴിവാക്കണമെങ്കിൽ ദയവായി പാർട്ടി കോൺഗ്രസ്സിനുമുമ്പ് ആ തീരുമാനമെടുക്കണം. അതല്ലെങ്കിൽ വളരെ സീരിയസ്സായിട്ടുള്ള പ്രശ്നങ്ങളുണ്ടാകും.

ശ്രീ. എം. എം. ഹസ്സൻ: സർ, ആത്മഹത്യാ മുനമ്പിൽ നിൽക്കുന്ന ചില പാർട്ടി നേതാക്കന്മാർക്കും പ്രവർത്തകർക്കും കൗൺസലിംഗ് നടത്താൻകൂടി ഇതിലൊരു വകുപ്പുണ്ടാക്കിയാൽ കൊള്ളാം.

ശ്രീ. സ്റ്റീഫൻ ജോർജ്: തീർച്ചയായും അങ്ങനെ എല്ലാ പാർട്ടിയിലും പെട്ട.....

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിൽ നടക്കുന്ന ആത്മഹത്യാ പ്രവണതകളെക്കുറിച്ചാണല്ലോ അങ്ങ് ഇപ്പോൾ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ചില പ്രമുഖന്മാർ ഡൽഹിയിൽ പോയി നടത്തുന്ന ആത്മഹത്യാശ്രമത്തിനെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. സ്റ്റീഫൻ ജോർജ്: ഡൽഹിയിലെ കാര്യം മാത്രമല്ല, എല്ലാ മേഖലകളിലും ആത്മഹത്യയ്ക്ക് ശ്രമിക്കുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കാനുള്ള ശ്രമമാണ് ഇതിലൂടെ നടത്തേണ്ടതായിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പാർട്ടി കോൺഗ്രസ്സിനുമുമ്പാണ് ഇത്തരത്തിലുള്ള തീരുമാനം യഥാർത്ഥത്തിൽ എടുക്കേണ്ടത്. അത് മന്ത്രി പറഞ്ഞത് വളരെ ശരിയായിട്ടുള്ള കാര്യമായി ഞാൻ കരുതുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ആത്മഹത്യയെക്കുറിച്ച് ശ്രീ. ടി. കെ. ബാലൻ പറഞ്ഞത് കേരളത്തിൽ സംഭവിക്കില്ല, സംഭവിക്കുമായിരുന്നുവെങ്കിൽ അത് മലപ്പുറത്ത് സംഭവിക്കുമായിരുന്നു. അത് സംഭവിച്ചില്ലല്ലോ, ഒരു കാലത്തും സംഭവിക്കില്ല.

ശ്രീ. സ്റ്റീഫൻ ജോർജ്: ആ ഒരു വിശ്വാസത്തിന്റെ പേരിലായിരിക്കും ബഹുമാനപ്പെട്ട മന്ത്രി എന്റെ ബിൽ നിരാകരിച്ചിട്ടുള്ളതെന്ന് ഞാൻ കരുതുകയാണ്. എന്തായാലും ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭയിൽ തന്നെ ഉന്നയിച്ച ഒരു ചോദ്യത്തിനു മറുപടിയായി കഴിഞ്ഞ ദിവസം, 2-3-05-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ വളരെ വ്യക്തമായി ഇതിന്റെ ചില രേഖകൾ നൽകിയിട്ടുണ്ട്. അതിൽ വളരെ വ്യക്തമായി സൂചിപ്പിക്കുന്ന കാര്യം കേരളത്തിലാണ് ഏറ്റവും കൂടുതൽ ആത്മഹത്യ എന്നാണ്. അതിൽ All India നിരക്ക് 10.53% മാത്രമാണ്. All India നിരക്ക് 10.53 ശതമാനം ആയിരിക്കേ കേരളത്തിന്റെ ആത്മഹത്യാ നിരക്ക് 30.06% ആണ്, ഏകദേശം മൂന്നിരട്ടി. ഓരോ സംസ്ഥാനത്തേയും ആത്മഹത്യാനിരക്ക് നോക്കിയാൽ ത്രിപുര 22.76%, കർണാടക 22.53%, തമിഴ്നാട് 18.17%, മഹാരാഷ്ട്ര 15.10%, ആന്ധ്രാപ്രദേശ് 13.89% എന്നിങ്ങനെയാണ് കാണുന്നത്. അങ്ങനെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ പരിശോധിച്ചാൽ തീർച്ചയായും കേരളത്തിലെ ആത്മഹത്യാ നിരക്ക് വളരെ കൂടുതലാണ് എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമായ കാര്യമാണ്. അതുകൊണ്ട് അതിന് പരിഹാരം കാണാനുള്ള മാർഗ്ഗങ്ങൾ എല്ലാവരും ചേർന്ന് വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ലോകത്തിലെ തന്നെ ആത്മഹത്യകളുടെ നിരക്കു വച്ചു നോക്കുമ്പോൾ നമ്മൾ വളരെ മുന്നിലാണ്. ലോകത്തിലാകമാനം വർഷത്തിൽ 7.5 ശതമാനം ആളുകൾ ആത്മഹത്യ ചെയ്യുന്നു. ലക്ഷത്തിൽ 11 ശതമാനം പേർ വീതം ആത്മഹത്യ ചെയ്യുകയാണ്. വിവിധ രാജ്യങ്ങളിലെ, സമൂഹങ്ങളിലെ ആത്മഹത്യാ നിരക്ക് വ്യത്യസ്തമാണ്. ഏറ്റവും കൂടുതൽ സ്വയംഹത്യ നടക്കുന്ന രാജ്യം ഹംഗറിയാണ്; ലക്ഷത്തിൽ 42 ശതമാനം പേർ വീതം. അടുത്ത സ്ഥാനം ചൈനയ്ക്കാണ്. ചൈന, ഹംഗറി തുടങ്ങിയ രാജ്യങ്ങളിലാണ് ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 55.8 ശതമാനം സ്ത്രീകളാണ്. സ്ത്രീകളാണ് കൂടുതലും ആത്മഹത്യ രംഗത്ത് വരുന്നത് എന്നുള്ളത് ശ്രദ്ധേയമായ ഒരു കാര്യമാണ്. കേരളത്തിൽ നടക്കുന്ന ആത്മഹത്യയിൽ കൃഷിക്കാർ 30 ശതമാനമാണ്. വീട്ടമ്മമാർ 27 ശതമാനമാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ 13 ശതമാനമാണ്. കച്ചവടക്കാർ 12.5 ശതമാനമാണ്. വിദ്യാർത്ഥികൾ 7 ശതമാനമാണ്. പ്രൊഫഷണൽ 4 ശതമാനമാണ്.. ആത്മഹത്യ ചെയ്യുന്ന കൃഷിക്കാരുടെ എണ്ണം വളരെ കൂടുതലാണ്.

ശ്രീ. ജി. കാർത്തികേയൻ: ഇതിലൊരിടത്തും രാഷ്ട്രീയക്കാരുടെ ആത്മഹത്യയെക്കുറിച്ചു പറഞ്ഞു കാണുന്നില്ലല്ലോ? അതിന്റെ അർത്ഥം എപ്പോഴും ശുഭാപ്തി വിശ്വാസമുള്ള ഒരു സമൂഹമാണ് രാഷ്ട്രീയത്തിൽ ഉള്ളത് എന്നല്ലേ? ജീവിതത്തിലെ നിരാശ കൊണ്ടാണല്ലോ ആളുകൾ ആത്മഹത്യ ചെയ്യുന്നത്. എപ്പോഴും അകലെ ഒരു പ്രകാശം കാണുന്ന വിഭാഗമായതുകൊണ്ടാണോ സുനാമിയുണ്ടായിട്ടുപോലും രാഷ്ട്രീയക്കാരുടെ ഒരു ശതമാനം പോലും ആത്മഹത്യ ചെയ്തതായി കാണാത്തത്?

ശ്രീ. സ്റ്റീഫൻ ജോർജ്: അങ്ങു പറഞ്ഞതിനോട് നൂറു ശതമാനവും ഞാൻ യോജിക്കുകയാണ്. രാഷ്ട്രീയക്കാർ എന്നും പ്രത്യാശയോടുകൂടി മുന്നോട്ടു പോകുന്നതുകൊണ്ട് അവർ ആത്മഹത്യയിലേയ്ക്കു പോകുന്നില്ല. കേരളത്തിലെ ജില്ലകൾ എടുത്തു പരിശോധിച്ചാൽത്തന്നെ ആത്മഹത്യയിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കും. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്നത്. ഒരു ലക്ഷത്തിനു 56 ശതമാനം എന്ന കണക്കാണ്. ഇടുക്കിയിൽ 51 ശതമാനം, തൃശൂർ 41 ശതമാനം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ജി. കാർത്തികേയൻ പറഞ്ഞതിന്റെ ഉത്തമ ഉദാഹരണമാണ് ആ ഇരിക്കുന്ന മൂന്നു പേർ എന്നുള്ള കാര്യം അറിയാമല്ലോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അതുമാത്രമല്ല പ്രത്യാശയോടുകൂടി മുന്നോട്ടു പോകുകയാണ് അവർ. ആത്മഹത്യ നമ്മുടെ നിഘണ്ടുവിലേ ഉണ്ടാവില്ല.

ശ്രീ. സ്റ്റീഫൻ ജോർജ്: ഏറ്റവും കുറച്ച് ആത്മഹത്യ നടക്കുന്ന ജില്ലയാണ് മലപ്പുറം ജില്ല. 14..8 ശതമാനമാണ്. മുസ്ലീം സഹോദരന്മാർ കൂടുതൽ ഉള്ള സ്ഥലമായതുകൊണ്ടാകാം, അവിടെ സമാധാനമുള്ളതുകൊണ്ടായിരിക്കാം. കണ്ണൂർ ജില്ലയിൽ ആത്മഹത്യകൾ കൂടുതലാണ്. മാർക്സിസ്റ്റു പാർട്ടിക്കാരുടെ അക്രമണത്തെ ഭയന്നാണ് അവിടെ കൂടുതൽ ആളുകൾ ആത്മഹത്യ ചെയ്യുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ശ്രീ. വി. സി. കബീർ: ധാരാളം പ്രാർത്ഥിക്കുന്ന ആളുകൾ ആത്മഹത്യ ചെയ്യുകയില്ല. മലപ്പുറം ജില്ലയിൽ എല്ലാവരും പ്രാർത്ഥിക്കുന്ന ആളുകളാണ്. അതുകൊണ്ടാണ് ആത്മഹത്യകൾ കുറഞ്ഞത് എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. സ്റ്റീഫൻ ജോർജ്: പ്രാർത്ഥന ഒരു പ്രധാന ഘടകമാണ്.

ശ്രീ. സി. മമ്മൂട്ടി: വളരെ സമാധാനത്തോടുകൂടി മുന്നോട്ടു പോകുന്ന ഒരു ജില്ലയാണ് മലപ്പുറം ജില്ല. എന്നു മാത്രമല്ല മുസ്ലീം ലീഗ് ഇക്കാര്യത്തിൽ എന്നും മുൻപന്തിയിലാണ്. അവർക്ക് ഒരിക്കലും നിരാശയില്ല. അതുകൊണ്ട് മലപ്പുറത്ത് ആത്മഹത്യകൾ കുറയുന്നു എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സ്റ്റീഫൻ ജോർജ്: തീർച്ചയായും. ഇപ്പോൾ കുടുംബ ആത്മഹത്യകൾ പെരുകുകയാണ്. കുടുംബ ആത്മഹത്യകൾ കേരളത്തിന്റെ മാത്രം പ്രത്യേകതയായി മാറുകയാണ്. 1991-ൽ 120 കുടുംബങ്ങൾ ആത്മഹത്യ ചെയ്തു. 2001-ൽ 80 കുടുംബങ്ങൾ ആത്മഹത്യ ചെയ്തു. താൻ മരിച്ചു കഴിഞ്ഞാൽ തങ്ങളുടെ കുഞ്ഞുങ്ങൾ അനാഥരാകാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് കൂട്ടമായി ആത്മഹത്യ ചെയ്യുന്നത്. കുഞ്ഞുങ്ങളെക്കൂടി കൊലപ്പെടുത്തുന്ന ദു:ഖകരമായ ധാരാളം സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകുന്നുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: അങ്ങ് ആത്മഹത്യ ചെയ്യുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ കൊണ്ടു വന്നിരിക്കുന്നത്. ഇന്നത്തെ പത്രത്തിൽ ഒരു എം.എൽ.എ. ഒരു റിസോർട്ട് ഉടമയെ വധിക്കാൻ വേണ്ടി ശ്രമിക്കുന്നു; അതുകൊണ്ട് അയാൾ ആത്മഹത്യചെയ്യാൻ പോകുന്നു എന്നു വാർത്ത കണ്ടു. അതു അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ്: അങ്ങനെ വധിക്കാൻ പോകുന്നു എന്നു പറഞ്ഞ് ആത്മഹത്യ ചെയ്യേണ്ട കാര്യമൊന്നുമില്ല. അതൊന്നും അടിസ്ഥാനപരമായ പ്രശ്നങ്ങളല്ല. ആത്മഹത്യയിൽ ഒന്നാം സ്ഥാനത്തായിരുന്ന ഗോവയെപ്പോലും കടത്തി വെട്ടിക്കൊണ്ട് ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുന്നു. കേരളം സുന്ദരമായ ഒരു നാടായിരുന്നു. ആത്മഹത്യകളുടെ കാര്യത്തിൽ കേരളം ഒരു ദുരന്ത സംസ്ഥാനമായി മാറിയിരിക്കുന്നു. സ്വയംഹത്യ ചെയ്യുന്നവരുടെ നാടായി കേരളം മാറിക്കഴിഞ്ഞതിനു അടിയന്തിരമായി പരിഹാരം കണ്ടെത്തണം. ഇന്നു ഞാൻ നാളെ നീ എന്ന ക്രമത്തിലാണ് എല്ലാവരും ഈ രംഗത്തേയ്ക്കു വന്നുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. You can continue next time.

(ചർച്ച തുടരും)

2. 2005-ലെ കേരള പർപ്പടക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ല്

ശ്രീ. എം. മുരളി: സർ, 2005-ലെ കേരള പർപ്പടക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻ കുമാർ: ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതു ഞാൻ ഒപ്പോസ് ചെയ്യുകയാണ്.

ശ്രീ. എം. മുരളി: ഇതു കേവലം പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മാത്രം പ്രശ്നമല്ല. പർപ്പടക നിർമ്മാണം ഒരു പാരമ്പര്യ തൊഴിലായി അല്ലെങ്കിൽ അനാദികാലം മുതൽ ഒരു കുലത്തൊഴിലായി സ്വീകരിച്ച ഒരു സമുദായത്തിന്റെ പ്രശ്നത്തിനു പരിഹാരമാണ് ഞാൻ ഈ ബില്ലിലൂടെ; ഇത്തരമൊരു നിയമനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്. പർപ്പടക നിർമ്മാണം പാരമ്പര്യ തൊഴിലായി സ്വീകരിക്കുന്നത് ഒരു സമുദായം മാത്രമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അല്ല. അതു തെറ്റാണ്. കേരളത്തിന്റെ ഭൂമിശാസ്ത്രം കൂടി പഠിക്കണം.

ശ്രീ. എം. മുരളി: ചെയറിനോടുള്ള എല്ലാ ആദരവും വച്ചുകൊണ്ടു പറയട്ടെ, യന്ത്രവൽക്കരണം വന്നപ്പോൾ, മറ്റുള്ളവർ കച്ചവടക്കണ്ണോടുകൂടി ഈ രംഗത്തേയ്ക്കു വന്നുവെന്നേയുള്ളൂ. നൂറ്റാണ്ടുകളായി ഈ രംഗത്തു പ്രവർത്തിച്ചുകൊണ്ടിരുന്നത്, കേരളത്തിൽ മാത്രമല്ല തെക്കേ ഇന്ത്യയിൽ പ്രവർത്തിച്ചു വന്നത്, ഈ കുലത്തൊഴിലിൽ ഏർപ്പെട്ട് ജീവിത മാർഗ്ഗമായി സ്വീകരിച്ചു വന്നത് വീരശൈവ സമുദായമാണ്. ഈ വീരശൈവ സമുദായം കേരളത്തിൽ ഒരു പിന്നോക്ക വിഭാഗമാണ്.